പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 424 12.06.2012 -ലെ മറുപടി

കെ.എസ്.ആർ.ടി.സി പുതുതായി നിരത്തിലിറക്കുന്ന ബസ്സുകൾ

ചോദ്യം

ശ്രീ. എം. ഉമ്മർ

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി ഈ വർഷം പുതുതായി എത്ര ബസുകൾ നിരത്തിലിറക്കാൻ ഉദ്ദേശിക്കുന്നുണ്ട്; | (എ) | കെ.എസ്.ആർ.ടി.സി. ഈ വർഷം പുതിയതായി 1,000 പുതിയ ബസ്സുകൾ നിരത്തിലിറക്കാൻ ഉദ്ദേശിക്കുന്നു. |
| (ബി) | പുതിയ ലോ - ഫ്ളോർ ബസുകൾ നിരത്തിലിറക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | കേന്ദ്രാവിഷ്കൃത JnNURM പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം, കൊച്ചി നഗരങ്ങളിലായി അനുവദിച്ച 320 ലോ ഫ്ളോർ ബസ്സുകളിൽ 296 ബസ്സുകൾ സർവ്വീസ് നടത്തികൊണ്ടിരിക്കുന്നു. ഇനി ലഭ്യമാക്കാനുള്ള 24 ബസ്സുകൾ എത്തിച്ചേരുന്ന മുറയ്ക്ക് നിരത്തിലിറക്കുന്നതാണ്. |
| (സി) | കൂടുതൽ റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി ബസുകൾ ഓടിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | ഏത് ജില്ലയിലാണ് കൂടുതൽ ബസുകൾ സർവീസ് നടത്തുന്നത്; അവ എത്രയെന്ന് അറിയിക്കാമോ? | (ഡി) | തിരുവനന്തപുരം ജില്ലയിലാണ് കൂടുതൽ ബസ്സുകൾ സർവ്വീസ് നടത്തുന്നത്.<br>1,529 ബസ്സുകളാണ് തിരുവനന്തപുരം ജില്ലയിലെ കെ.എസ്.ആർ.ടി.സി. ഡിപ്പോകൾക്ക് അനുവദിച്ച് നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ